**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4840** **20-07-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേ വിഭാഗത്തിന്റെ വിവിധ ഓഫീസുകളിലെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗത്തിന്റെ വിവിധ ഓഫീസുകളിൽ പുനർവിന്യാസത്തിന് മുമ്പ് എത്ര തസ്തികകളാണ് ഉണ്ടായിരുന്നതെന്ന വിവരം ഓഫീസുകളും തസ്തികകളും തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിശദാംശം അനുബന്ധം-Iആയി ചേർക്കുന്നു. |
| (ബി) | ജില്ലയിലെ എൻ.എച്ച്. വിഭാഗം ഓഫീസുകളിൽ നിന്നും ഏതൊക്കെ തസ്തികകളാണ് പുനർവിന്യസിച്ചതെന്നും ഏതെല്ലാം ജില്ലകളിലേക്കാണ് പുനർവിന്യസിച്ചതെന്നും ജില്ല, പുനർവിന്യസിച്ച തസ്തികകളുടെ എണ്ണം എന്നിവ തിരിച്ച് അറിയിക്കാമോ; | (ബി) | വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം നിലമ്പൂർ സെക്ഷൻ ഓഫീസിന്റെ അധികാര പരിധിയിൽ എത്ര കിലോമീറ്റർ ദൂരം റോഡുകളാണുള്ളതെന്നും സെക്ഷന്റെ രണ്ട് അതിർത്തികൾ തമ്മിൽ എത്ര ദൂര വ്യത്യാസമുണ്ടെന്നും അറിയിക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പ് നിലമ്പൂർ സെക്ഷന്റെ അധികാര പരിധിയിലുള്ള റോഡുകളുടെ ദൂരം 264 കി.മീ. ആണ്. സംസ്ഥാന അതിർത്തിയിൽ നാടുകാണി ചുരം കിഴക്ക് അതിർത്തി മുതൽ പൊങ്ങല്ലൂർ (മമ്പാട്) പടിഞ്ഞാറ് അതിർത്തി വരെ 40 കി.മീ. ദൂരവും നയാടംപൊയിൽ - വടക്ക് അതിർത്തി മുതൽ കാളിക്കാവ് ജംഗ്ഷൻ തെക്ക് അതിർത്തി വരെ 48 കി.മീ ദൂരവുമാണ് ഉള്ളത്. |
| (ഡി) | നാടുകാണി ചുരം, കക്കാടംപൊയിൽ ചുരം എന്നീ രണ്ടു ചുരങ്ങൾ ഉൾപ്പെട്ട നിലമ്പൂർ റോഡ്സ് സെക്ഷന്റെ അധികാര പരിധിയുടെ വ്യാപ്തിയും ജോലിഭാരവും പരിഗണിച്ച് നിലമ്പൂർ റോഡ്സ് സെക്ഷൻ വിഭജിച്ച് എടക്കര ആസ്ഥാനമായി എടക്കര ചുരം സെക്ഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താമോ; ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാമോ; | (ഡി) | വകുപ്പിലെ ജോലിഭാരം സംബന്ധിച്ച് IMG മുഖേന പഠനം നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ഇ) | മലപ്പുറം ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് പുനർവിന്യസിക്കുന്ന എൻ.എച്ച്. വിഭാഗത്തിലെ | (ഇ) | വകുപ്പിലെ ജോലിഭാരം സംബന്ധിച്ച് IMG മുഖേന പഠനം നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തസ്തികകൾ ഉപയോഗപ്പെടുത്തി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതകളില്ലാതെ ഏറെ ജോലിഭാരമുള്ള നിലമ്പൂർ റോഡ്സ് സബ് ഡിവിഷൻ, എടക്കര ചുരം സെക്ഷൻ എന്നീ ഓഫീസുകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ